# കുറ്റബോധം (Guilty conscious)

ബിനു ജോസഫ് **വടശ്ശേരിക്കര**

കുറ്റബോധം ക്യാൻസറിനെക്കാൾ മാരകമാണ്. കുറ്റബോധത്തിന്റെ തീയിൽ വെന്തെരിഞ്ഞവർ അനേകർ. ജീവിതത്തിൽ അറിഞ്ഞോ, അറിയാതെയോ ചെയ്തുപോയ പാകപിഴകളെ പറ്റിയുള്ള വേദനിപ്പിക്കുന്ന ഓർമ്മകളാണ് കുറ്റബോധം. ഒറ്റവാക്കിൽ കുറ്റത്തെപറ്റിയുള്ള ബോധമാണിത്. കുറ്റബോധം ദൈവീകമാണ്. കുറ്റബോധമില്ലാത്ത മനുഷ്യൻ മൃഗമാണ്. കുറ്റബോധം ദൈവീകമായതിനാൽ അതൊരനുഗ്രഹം തന്നെയാണ്. എന്നാൽ കുറ്റബോധത്തിന്റെ എരിതീയിൽ നിന്ന് പുറത്ത് കടക്കാനറിയാതെ വെന്തെരിയുന്നവർ ഏറെയാണ്.

കഴിഞ്ഞകാലത്തെ തെറ്റിനെ പറ്റിയുള്ള കുറ്റബോധത്താൽ അപകർഷത അനുഭവിക്കുന്നവരു്. ഇത്തരക്കാർ മറ്റുള്ളവരുടെ മുഖത്ത് നോക്കുവാനോ, സമൂഹത്തിൽ നിവർന്ന് നിൽക്കുവാനോ കഴിയാതെ ഏകാന്തതയിൽ ഒതുങ്ങുന്നു. സ്വന്തം ജീവിതത്തിലെ തെറ്റുകൾ മറ്റാരെങ്കിലും അറിയുമോ എന്ന ഭയമാണ് അപകർഷതയ്ക്ക് കാരണം. തെറ്റിനെ പറ്റിയുള്ള ബോധം ഒരുവനിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങൾ വളരെയാണ്.

വിശുദ്ധ ബൈബിളിൽ ദാവീദ് എന്നൊരു രാജാവിനെ കാണാം. തന്റെ രാജപദവി ഉപയോഗിച്ച് അനേകരെ കൊന്നൊടുക്കുവാനും, മറ്റുള്ളവന്റെ ഭാര്യയെ ചതിയാൽ സ്വന്തമാക്കുവാനും എല്ലാം അദ്ദേഹത്തിന് കഴിഞ്ഞു. എന്നാൽ തെറ്റിനെപറ്റിയുള്ള ബോധം തന്നിലുദിച്ചപ്പോൾ പിന്നെ നിൽക്കുവാൻ കഴിഞ്ഞില്ല. പാട്ടുകാരൻ കൂടിയായ അദ്ദേഹം പാടുകയാണ്. "ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി. രാവും പകലും നിന്റെ കൈ എന്റെ മേൽ ഭാരമായിരുന്നു. എന്റെ മജ്ജ വേനല്ക്കാലത്തിലെ ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി. എന്റെ പാപം ഞാൻ നിന്നോടറിയിച്ചു.എന്റെ അകൃത്യം മറച്ചുവച്ചതുമില്ല." (സങ്കീ. 32:3–5)

തന്റെ ജീവിതത്തിലെ തെറ്റുകളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് ക്ഷമയാചിച്ച് പാപക്ഷമ പ്രാപിക്കുവാനും കുറ്റബോധത്തിൽ നിന്ന് രക്ഷനേടുവാനും കഴിഞ്ഞു.

**കുറ്റബോധം ദാവീദിന്റെ ജീവിതത്തിൽ വരുത്തിയ കാര്യങ്ങൾ:**

- നിത്യമായ ഞരക്കം (മാനസിക വേദന)
- അസ്ഥികൾ ക്ഷയിച്ചു (ശരീരവേദന)
- ദൈവകരം ഭാരമായി (പ്രശ്നങ്ങൾ കൂടി)
- മജ്ജ വറ്റിപ്പോയി (ഉത്സാഹം നഷ്ടപ്പെട്ടു)
- തെറ്റ് ഏറ്റുപറയാൻ തീരുമാനിച്ചു (മാനസാന്തരം)
- സന്തോഷകരമായ ജീവിതം തിരികെ ലഭിച്ചു.

**എങ്ങനെയാണ് ദാവീദിന് കുറ്റബോധത്തിൽ നിന്ന് വിമുക്തി നേടിയത്?**

- തെറ്റ് അംഗീകരിച്ചു
- തെറ്റ് ഏറ്റുപറഞ്ഞു
- പുതിയ തീരുമാനം സ്വീകരിച്ചു

നിങ്ങളും ഒരുപക്ഷേ ഇപ്രകാരം കുറ്റബോധത്താൽ നീറുന്ന വ്യക്തിയാകാം. നിങ്ങൾ ചെയ്ത തെറ്റ് വലുതോ, ചെറുതോ, വ്യക്തിപരമോ, സാമൂഹികമോ ആകാം. എന്നാൽ നിങ്ങൾക്കും ഇതിൽ നിന്ന് രക്ഷ നേടുവാൻ കഴിയും. അതുകൊണ്ട് മഹാനായ ശലോമോൻ പറയുന്നത്. ''**തന്റെ ലംഘനങ്ങളെ മറച്ച് വയ്ക്കുന്നവന് ശുഭം വരികയില്ല; ഏറ്റ്പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.**" (സദൃശവാക്യം) പാപത്തെ മറച്ച് വെക്കുവാൻ വെമ്പുന്നവരാണ് മനുഷ്യർ. എന്നാൽ അത് ഒരു നാളും മറഞ്ഞിരിക്കുകയില്ല. പറഞ്ഞവാക്കോ, പ്രവൃത്തിയോ, സ്വയം ചെയ്ത തെറ്റോ, വിശ്വാസവഞ്ചനയോ, അനീതിയോ, കൊലപാതകമോ, മോഷണമോ, അവിശ്വസ്തതയോ എന്തുമാകാം. നിങ്ങൾ ചെയ്തുപോയ ആ തെറ്റിനെക്കുറിച്ചുള്ള വേദനയാൽ വെന്തെരിയുന്നെങ്കിൽ നിങ്ങൾക്കതിൽ നിന്ന് മോചനം യേശുവിൽ ു്.

**തെറ്റുകളെ നാലായി തിരിക്കാം.**

1. സ്വയമായ തെറ്റ് – മനഃസാക്ഷിയെ വഞ്ചിച്ചു.
2. വ്യക്തിബന്ധപരമായ തെറ്റ് – വ്യക്തികളുമായുള്ള ഇടപാടിൽ
2. സാമൂഹികമായ തെറ്റ് – സാമൂഹ്യവഞ്ചന
4. ദൈവസന്ധിയിലെ തെറ്റ് – ദൈവവുമായുള്ള ബന്ധത്തിന് വിഘാതമായവ